നം.CEPWD/13760/2021-Vig9-AD

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
പൊതുമരാമത്ത് വകുപ്പ് (ഭരണ വിഭാഗം)
തിരുവനന്തപുരം
ഫോൺ : 0471- 2334880
Email: cru.pwdvigilance@kerala.gov.in
തീയതി.08-11-2022

## കാരണം കാണിക്കൽ നോട്ടീസ്

ശ്രീ. ഡിജിൻ ദിവാകരൻ എന്ന താങ്കൾ തൃശ്ശൂർ ഇലക്ട്രിക്കൽ വിങ്ങ് മെഡിക്കൽ കോളേജ് സെക്ഷൻ ഓഫീസിലെ ഒന്നാം തരം ഓവർസിയർ (ഇലക്ട്രിക്കൽ) ആയി സേവനമനുഷ്ഠിക്കവേ 30.10.2015 മുതൽ അഞ്ചു വർഷത്തേയ്ക്ക് വിദേശ ജോലിക്കായി ശൂന്യവേതനാവധി അനുവദിച്ചിരുന്നു എന്നും എന്നാൽ താങ്കൾ ശൂന്യവേതനാവധി അനുവദിച്ച 30.10.2015 തീയതിക്ക് മുൻപായി 01.09.2015 മുതൽ 30.10.2015 വരെയുള്ള കാലയളവിൽ ഓഫീസിൽ ഹാജരായിരുന്നില്ല എന്നു തൃശ്ശൂർ വൈദ്യുത ഉപ വിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതായും 30.10.2015 മുതൽ ഉള്ള ശൂന്യവേതനാവധിയുടെ കാലയളവ് 29/10/2020 ന് അവസാനിക്കും മുമ്പേ വീണ്ടും 5 വർഷത്തേക്കു കൂടി അവധി ദീർഘിപ്പിക്കുന്നതിന് താങ്കൾ ഉചിതമാർഗ്ഗേണ അപേക്ഷ തൃശ്ശൂർ വൈദ്യുത ഉപ വിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ച സമയത്ത് 30.12.2020 ലെ 83/2020/ധന പരിപത്രം പ്രകാരം കെ.എസ്.ആർ ഭാഗം I അനുബന്ധം XIIA, XIIC വ്യവസ്ഥകളിൽ അധിഷ്ഠിതമായിട്ടുള്ള 20 വർഷം വരെയുള്ള ശൂന്യവേതനാവധി എന്നുള്ളത് 5 വർഷമായി ചുരുക്കിയ സാഹചര്യത്തിൽ താങ്കൾ ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പ്രസ്തുത ഉത്തരവ് തീയതിക്കു മുമ്പായതിനാൽ ആയതു അനുമതിക്കായി സർക്കാരിലേയ്ക്കു അയയ്ക്കുകയും, താങ്കളുടെ അവധി ദീർഘിപ്പിച്ചു നൽകാനാവില്ല എന്ന് അറിയിക്കുകയും താങ്കളോട് എത്രയും വേഗം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശം നൽകുവാൻ സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ താങ്കളോട് എത്രയും വേഗം ജോലിക്കു ഹാജരാകുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ റിപ്പോർട്ടു ചെയ്യുന്നതിനുള്ള അറിയിപ്പു നൽകാൻ തൃശ്ശൂർ വൈദ്യുത ഉപ വിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കു നിർദ്ദേശം നൽ കിയതായും മേൽ വിവരം അറിയിക്കുന്നതിനായി രജിസ്റ്റേർഡ് തപാൽ മുഖേന താങ്കളുടെ സേവന പുസ്തകത്തിലെ വിലാസത്തിൽ കത്ത് അയച്ചിരുന്നുവെന്നും, എന്നാൽ "left india" റിമാർക്ക്സുമായി കത്ത് കൈപ്പറ്റിയിട്ടില്ലാത്തതായും ഫോൺ മുഖേനയോ മറ്റേതെങ്കിലും മാധ്യമങ്ങൾ വഴിയോ ബന്ധപ്പെടാനോ ടി കത്തിലെ വിവരങ്ങൾ താങ്കളെ ധരിപ്പിക്കുവാൻ സാധിച്ചിട്ടില്ല എന്നും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതായും താങ്കൾ നാളിതുവരെ തൃശ്ശൂർ വൈദ്യുത ഉപ വിഭാഗം കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുകയോ മറ്റു കത്തിടപാടുകൾ നടത്തുകയോ ചെയ്തിട്ടില്ല എന്നും കൂടാതെ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലും റിപ്പോർട്ട് ചെയ്തിട്ടില്ല എന്നതിനാലും താങ്കളുടെ ഈ അനധികൃത ഹാജരില്ലായ്മ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് നിരക്കാത്ത പ്രവൃത്തിയും അച്ചടക്ക ലംഘനവും ഗുരുതരമായ കൃത്യവിലോപവുമായതിനാൽ ഭരണ വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസ് റൂൾസ് (തരംതിരിവും, നിയന്ത്രണവും അപ്പീലും) ന്റെ ചട്ടം 15 നടപടിക്രമങ്ങൾ പ്രകാരം അച്ചടക്ക നടപടികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി താങ്കൾക്ക് ഈ കാര്യാലയത്തിലെ 13/01/2022 തീയതിയിലെ ഇതേ നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയുണ്ടായി. എന്നാൽ

താങ്കളുടെ സേവന പുസ്തകത്തിലും ശൂന്യവേതന അവധി അപേക്ഷയിലും നൽകിയിരുന്ന മേൽവിലാസത്തിൽ രജിസ്റ്റേർഡ് തപാൽ ആയി അയച്ചിരുന്ന ടി കുറ്റപത്രം/കുറ്റാരോപണ പത്രിക "മേൽവിലാസത്തിൽ താമസമില്ല " എന്ന രീതിയിൽ തിരികെ ലഭിക്കുകയാണ് ഉണ്ടായത് എന്ന് തൃശ്ശൂർ വൈദ്യുത വിഭാഗം കാര്യാലയത്തിൽ നിന്നും അറിയിച്ചിരുന്നു. ശേഷം താങ്കളുടെ ഇ മെയിൽ വിലാസം / ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെട്ട് കുറ്റാരോപണ പത്രിക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഈ വിഷയത്തിൽ തുടർ നടപടികളുടെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുവാൻ തീരുമാനം എടുത്തുകൊണ്ട് തൃശ്ശൂർ കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയ ശ്രീമതി ബിജി പി വി യെ ചുമതലപ്പെടുത്തിക്കൊണ്ട് 06/05/2022 തീയതിയിൽ ഇതേ നമ്പർ ഉത്തരവ് പ്രകാരം അന്വേഷണ ഉദ്യോഗസ്ഥയായി നിയമിക്കുകയും ചെയ്തിരുന്നു. അന്വേഷണ ഉദ്യോഗസ്ഥയായ ശ്രീമതി ബിജി പി വി യുടെ റിപ്പോർട്ട് പ്രകാരം താങ്കളെ ഹിയറിംഗ് നടത്തുന്നതിന്റെ ഭാഗമായി ലഭ്യമായ മേൽവിലാസത്തിൽ രജിസ്റ്റേർഡ് തപാൽ ആയി കത്ത് അയച്ചെങ്കിലും ആയത് "Refused" എന്നാ റിമാർക്സ്സുമായി കൈപ്പറ്റാതെ തിരികെ വരുകയും കൂടാതെ മറ്റ് മാർഗങ്ങളിലൂടെ ബന്ധപ്പെടുന്നതിനുള്ള മാർഗങ്ങൾ ലഭ്യമല്ലതിരിക്കുന്ന സാഹചര്യത്തിൽ താങ്കളെ ബന്ധപ്പെടുവാൻ നിർവ്വാഹമില്ല എന്നും അറിയിച്ചിരുന്നു. താങ്കളുടെ ലഭ്യമായ ഇമെയിൽ (dijin.d@hotmail.com) വാട്സാപ്പ് നം (9995085332) എന്നിവ മുഖേന കൂടി ബന്ധപ്പെട്ട് അന്വേഷണം നടത്താൻ അന്വേഷണാധികാരിക്ക് നിർദ്ദേശം ഈ കാര്യാലയത്തിൽ നിന്നും നൽകിയിരുന്നതിനാൽ അന്വേഷണാധികാരി താങ്കൾക്കെതിരെയുള്ള അച്ചടക്കനടപടിയുമായി ബന്ധപ്പെട്ട് അന്വേഷണത്തിന്റെ ഭാഗമായി വിശദീകരണം കേൾക്കുന്നതിനായി 30.08.2022 ന് തൃശ്ശൂർ കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയത്തിൽ നേരിട്ട് ഹാജരാകുന്നതിന് ഒരിക്കൽക്കൂടി താങ്കൾക്ക് രേഖാമൂലം അറിയിപ്പ് നൽകിയിരുന്നു. രജിസ്റ്റേഡ് തപാലായി അയച്ച ടി കത്തും "Addresse left returned to sender" എന്ന റിമാർക്കോടെ കൈപ്പറ്റാതെ തിരികെ വരികയാണുണ്ടായത്. സ്പാർക്ക് ആപ്ലിക്കേഷനിൽ നൽകിയിട്ടുള്ള താങ്കളുടെ ഇമെയിൽ വിലാസമായ dijin.d@hotmail.com. ലേക്കും വാട്സ് അപ്പ് നമ്പറായി നൽകപ്പെട്ട 9995025332 എന്ന നമ്പറിലേക്കും കത്തിന്റെ പകർപ്പ് അയച്ചുനൽകിയിരുന്നു. നേരിട്ട് ഹാജരാകുവാൻ സാധിക്കില്ല എങ്കിൽ അക്കാര്യം അറിയിച്ചാൽ ഓൺലൈനായി കേൾക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതായിരിക്കുമെന്നും കത്തിൽ പ്രതിപാദിച്ചിരുന്നു. എന്നാൽ താങ്കൾ നാളിതുവരെ നേരിട്ട് ഹാജരാവുകയോ ഏതെങ്കിലും തരത്തിൽ തൃശ്ശൂർ കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയത്തിൽ ബന്ധപ്പെടുകയോ ചെയ്യിട്ടില്ലാത്തതാകുന്നു. ഈ സാഹചര്യത്തിൽ താങ്കൾക്ക് മേൽവിഷയവുമായി ബന്ധപെട്ട് ഒന്നും ബോധിപ്പിക്കാനില്ല എന്ന അനുമാനത്തിൽ വകുപ്പ് തല അച്ചടക്കനടപടികളിൽ തീർപ്പ് കല്പിക്കാവുന്നതാണ് എന്നാണ് അന്വേഷണ ഉദ്യോഗസ്ഥ ശുപാർശ ചെയ്തിട്ടുള്ളത് .

അന്വേഷണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ട് ഉം താങ്കൾ സേവനം അനുഷ്ഠിച്ചിരുന്ന കാര്യാലയത്തിലേയും വസ്തുതകൾ പരിശോധിച്ചതിൽ നിന്നും താങ്കൾ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയാണ് എന്നും സേവനത്തിൽ പുനപ്രവേശിക്കുന്നതിനുള്ള യാതൊരു ശ്രമവും നടത്തിയിട്ടില്ല എന്നും കണ്ടെത്തിയിരിക്കുന്നു. താങ്കൾ ഇപ്രകാരം ഔദ്യോഗിക കൃത്യ നിർവ്വഹത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയതായും ആയതിനാൽ ഉത്തരവാദപ്പെട്ട സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ താങ്കളുടെ ഇത്തരം പ്രവൃത്തികൾ കടുത്ത ശിക്ഷ അർഹിക്കുന്ന കുറ്റമായി കണക്കാക്കുന്നു. ഇത്തരത്തിൽ ആവർത്തിച്ചുള്ള അച്ചടക്ക ലംഘനം താങ്കളുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നതിനാൽ 1960 ലെ കേരളാ സിവിൽ സർവ്വീസസ് (തരം തിരിവും നിയന്ത്രണവും

I/152275/2022

അപ്പീലും) ചട്ടം 11 (vii) പ്രകാരം താങ്കളെ സർവീസിൽ നിന്ന് നീക്കം ചെയ്തുകൊണ്ടുള്ള താത്കാലിക തീരുമാനമെടുത്തിരിക്കുന്നു.

മേൽ തീരുമാനത്തിനെതിരെ താങ്കൾക്ക് എന്തെങ്കിലും കാരണം ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടിസ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. താങ്കളെ നേരിൽ കേൾക്കാൻ ആഗ്രഹിക്കുന്നുണ്ടോ എന്ന വിവരവും അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം താങ്കളുടെ മറുപടി ലഭിക്കാത്ത പക്ഷം മേൽ താത്കാലിക തീരുമാനം അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

MADHUMATHI.K.R
CHIEF ENGINEER
പൊതുമരാമത്ത് വകുപ്പ് ഭരണം

സ്വീകർത്താവ്

1) ശ്രീ ഡിജിൻ ദിവാകരൻ ,ഒന്നാം തരം ഓവർസിയർ (ഇലക്ട്രിക്കൽ)
(പൊതുമരാമത്തു വകുപ്പ് ഇലക്ട്രിക്കൽ ഡിവിഷൻ, തൃശ്ശൂർ മുഖേന )

2) എക്സിക്യൂട്ടീവ് എഞ്ചിനീയർ , പൊതുമരാമത്തു വകുപ്പ് ഇലക്ട്രിക്കൽ ഡിവിഷൻ, തൃശ്ശൂർ

3) എക്സിക്യൂട്ടീവ് എഞ്ചിനീയർ , പൊതുമരാമത്തു വകുപ്പ് ഇ ഗവേർണൻസ് വിഭാഗം, തിരുവനന്തപുരം (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി